ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

**I/120263/2024** **06-08-2024:**

**പരിപത്രം**

വിഷയം:- ഡി.റ്റി.ഇ. - ജീവനക്കാര്യം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിനോക്കുന്ന ശ്രീ. നിഷാദ്. ടി.എ. യുടെ സീനിയോരിറ്റി പുനക്രമീകരിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. **EG3/9406/19/DTE,Dtd,04.09.2019**
2. **09.08.2017** ലെ **ED1/29522/2017/DTE** നമ്പർ പ്രകാരമുള്ള നടപടിക്രമം.
3.ശ്രീ.നിഷാദ്.ടി.എ -യുടെ **24.07.2024** ലെ അപേക്ഷ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ **01.12.2009** മുതൽ **28.02.2018** വരെ കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി സീനിയോരിറ്റി പട്ടികയിൽ ക്രമ നമ്പർ **(222)** ആയി ഉൾപ്പെടുത്തിയിരുന്ന ശ്രീ. നിഷാദ്. ടി.എ. യെ സൂചന **(2)** ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് **05/12/2015** പൂർവ്വാഹം പ്രാബല്യത്തിൽ തസ്തികമാറ്റ നിയമനം നൽകിയിരുന്നു. എന്നാൽ ടി സീനിയോരിറ്റി പട്ടികയിൽ ടിയാനെ ടി തസ്തികമാറ്റ നിയമനം അനുവദിച്ച ഉത്തരവ് തീയ്യതി കണക്കാക്കിയാണ് ടിയാൻറ്റെ സീനിയോരിറ്റി സ്ഥാനം നിശ്ചയിച്ചിരുന്നത്. ടി വസ്തുത പുനപരിശോധിച്ചതിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ടിയാൻറ്റെ തടഞ്ഞുവെയ്ക്കപ്പെട്ട സ്ഥാനക്കയറ്റം മുൻകാല പ്രാബല്യത്തിൽ **05/12/2015** പൂർവ്വാഹം പ്രാബല്യത്തിൽ അനുവദിച്ച സാഹചര്യത്തിൽ ടിയാൻറ്റെ ടി തസ്തികയിലെ നിയമന പ്രാബല്യ തീയ്യതികണക്കിലെടുത്ത് സീനിയോരിറ്റിയ്ക്കും അർഹതയുള്ളതിനാൽ ടിയാൻറ്റെ സീനിയോരിറ്റി പുനക്രമീകരിക്കേണ്ടതുണ്ട്.

മേൽസാഹചര്യത്തിൽ **UD** ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം അനുവദിച്ച ശ്രീ.നിഷാദ്.ടി.എ. യുടെ ടി തസ്തികയിലെ സീനിയോരിറ്റി സ്ഥാനം **1958** ലെ കേരള സ്റ്റേറ്റ് ആൻറ്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം **27 (c) )** യിലെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമ നമ്പർ **175(A)** ആയി (ക്രമ നമ്പർ **174** ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.പ്രഭാകരൻ. കെ - യുടെയും ക്രമ നമ്പർ **175** ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.രാജീവൻ.കെ.വി - യുടെയും ഇടയിൽ) ആയി ഉൾപ്പെടുവാൻ താൽക്കാലികമായി തീരുമാനിച്ചിട്ടുണ്ട്. ടിയാൻറ്റെ ടി സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 7 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**Sunilkumar C V**
**SENIOR ADMINISTRATIVE OFFICER**

**To**

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Sunilkumar C V
Date: 06-08-2024 16:45:52